കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പനങ്ങാട് ഗ്രാമപഞ്ചായത്ത്

2015-16

ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

E-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

കെ.എസ്.എ.കെ.കെ.ഡി.-പി10/2175/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോ

ഇ-മെയിൽ -dokkd.ksad@kerala.gov.in

വെബ് -www.lfa.kerala.gov.in

ഫോൺ - 0495 2371012

തീയതി. 29-12-2016.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പനങ്ങാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പനങ്ങാട് ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷങ്ങളിലെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫ ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയ വ്യവസ്ഥകൾ പ്രകാരം പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2013-14,14-15 സാമ്പത്തികവർഷ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫ ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്ര ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദിക വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓ റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എ തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായ രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്ര കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നി സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാ ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോ

ഡെപ്യൂട്ടി ഡയറ

പകർപ്പ് :1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കോഴിക്കോട്

3)കാര്യാലയ പകർപ്പ്.

കെ.എസ്.എ.കെ.കെ.ഡി.-പി10/2175/2016 തീയതിഃ 29.12.2016.

**കോഴിക്കോട് ജില്ലയിലെ പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ**

**2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള**

**ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡ
നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാര
പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 08.12.15 മുതൽ 16.11.16 തിയ്യതി വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്ന പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളി പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്ത മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറു പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേ വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപ നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ .സതീഷ് കുമാർ.കെ.കെ ഡപ്യൂട്ടി ഡയറക്ടർ. |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17.11.2016 മുതൽ 29.11.16 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീമതി. ഷൈന എ കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. |
| ശ്രീ.ഉണ്ണികൃഷ്ണൻ.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.അനിൽ കുമാർ.എം ഡി | ഓഡിറ്റർ. |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ഇസ്മയിൽ കുറുമ്പൊയിൽ. | 1.04.2015 മുതൽ31.10.15വരെ |
| | ശ്രീമതി.വി.എം.കമലാക്ഷി. | 1.11.15.മുതൽ 31.3.16.വരെ |
| സെക്രട്ടറി | ശ്രീ.സതീശൻ.സി.പി(ചാർജ്) | 1.4.15 മുതൽ 31.7.15വരെ |
| | ശ്രീ.കെ.അബ്ദു റഹീം | 31.7.15മുതൽ 31.3.16. വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.നൗഷാദ്.കെ പി | 1.04.2015 മുതൽ 31.3.2016വരെ |
| മെഡിക്കൽ ഓഫീസർ. പിഎച്ച് സി | ഡോ.അനൂപ് കൃഷ്ണ.ആർ.എസ് | 1.04.2015 മുതൽ 31.3.2016വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ദീപ്തി.ഇ.കെ | 1.04.2015 മുതൽ 31.3.2016വരെ |
| വെറ്ററിനറി സർജൻ | ശ്രീ.എ.ജെ.റോയ് | 01.4.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ശ്രീമതി.ഡോ.ഷെർലി. | 01.4.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.ജീനാകുമാരി.വി | 01.4.2015 മുതൽ 31.3.2016 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.അബ്ദുൾ ഷുക്കൂർ. | 01.4.2015 മുതൽ 31.3.2016 വരെ |
| അസി.സെക്രട്ടറി | ശ്രീ.സതീശൻ.സി.പി<br>ശ്രീ.ജിജിമോൻ.ടി | 01.4.2013 മുതൽ 31.8.2015 വരെ<br>31.8.2015 മുതൽ 31.3.2016വരെ |
| വി ഇ ഒ. | ശ്രീ.രജീഷ്.പി | 1.04.2015 മുതൽ 4.06.2016 വരെ |
| | ശ്രീമതി.രാധിക.പി | 4.6.2015മുതൽ 31.3.2016 വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | ശ്രീമതി.റാണി<br>ശ്രീമതി.ഗീത.ടി.എം | 01.4.2015 മുതൽ 8.9.2015 വരെ<br>8.9.2015 മുതൽ 31.03.16 വരെ |

## ഭാഗം –1

## പൊതു അവലോകനം

## പൊതു അവലോകനം

### 1-1. ബജറ്റ്

2015-16വർഷത്തെ പുതുക്കിയ ബജറ്റ് 15.3.16 തീയതിയിലെ 76/1നമ്പർ തീരുമാനപ്രകാര അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | |
| 2015-16 | 31.7.2016 | 20.7.16 | - | - |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | ഓഡിറ്റ് സമയം | വിശേഷണങ്ങളോട് കൂടിയത് |

1-4 സാമ്പത്തിക വിശകലനം

| വർഷം | **2015 - 16** |
|---|---|
| മുന്നിരിപ്പ് | **46352421** |
| വരവ് | 50429313 |
| ആകെ | 96781734 |
| ചെലവ് | 69909535 |
| നീക്കിയിരിപ്പ് | 26872199 |

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ട്രാൻസ്ഫർ ക്രെഡിറ്റ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്.പൊതുവിഭാഗം | 7378609 | 3405013 | 17461810 | 17461810 | 0 | (+)667818 |
| കെ.എൽ.ജി.എസ്.ഡി.പി | 4120597 | 790754 | 4911351 | 3984425 | 0 | ( -)92642 |
| വികസന ഫണ്ട് എസ് സി പി | 687623 | 5976872 | 6664495 | 6664495 | 0 | - |
| വികസന ഫണ്ട് ടിഎസ് പി | 200000 | 50000 | 250000 | 50000 | 0 | (-)200000 |
| സംക്ഷണ ഗ്രാന്റ് റോഡ് | 1830590 | 2727965 | 4558555 | 4558555 | 0 | - |
| സംക്ഷണഗ്രാന്റ്-നോൺ റോഡ് | 1134806 | 2255102 | 3384408 | 3384408 | 0 | - |
| 13ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3311585 | 10593772 | 13905357 | 8353598 | 0 | (-)555176 |
| എംഎൻആർഇജിഎസ് | 4348 | 40960043 | 40964391 | 40953865 | 10526 | - |
| ബിഫണ്ട് | 0 | 33894635 | 33894635 | 33894635 | 0 | - |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| ഇ-ഫണ്ട് വരൾച്ചാ നിധി | 851996 | 43882102 | 44734098 | 43751260 | 982838 | - |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015 – 16 | 188 | | 139 | | | 20 | 73.93 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 54ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4028004 | 3320327 | 707677 | -17 |
| നികുതിയേതര വരവുകൾ | 1097117 | 1155328 | 58211 | 5.3 |
| മറ്റുവരവുകൾ | 594655 | 600407 | 5752 | .96 |
| ആകെ | 5664655 | 5076062 | 588593 | -10 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണ |
|---|---|---|
| | | |

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 637200 | 420 |
| കർഷകതൊഴിലാളി പെൻഷൻ | 7502910 | 979 |
| വിധവാപെൻഷൻ | 12885600 | 1370 |
| വാർദ്ധക്യകാലപെൻഷൻ | 8543430 | 981 |
| വികലാംഗപെൻഷൻ | 3374455 | 386 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതർ | 483040 | 50 |
| വിധവകളുടെപെൺമക്കളുടെ വിവാഹ ധനസഹായം | 270000 | 9 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാല പരിശോധന 22.11.16 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്ത നടത്തുകയുണ്ടായി. പരിശോധനയിൽ 20800 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധന ബോധ്യപ്പെട്ടു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 4.6.16മുതൽ 6.6.16 വരെ | 2016 ഫെബ്രുവരി, മാർച്ച്,ഏപ്രിൽ | 3 3362/16, 4.4.16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.5.2001 | 1997-98,1999-2000 | 8A/168/269, 31.7.2001 |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേ ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

2015-16 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകത താഴെ കൊടുക്കുന്നു.

1) എസ് ബി ടിയിൽ ഒരു പെൻഷൻ അക്കൗണ്ട് (നം. 5430) ഇതേ ബാങ്കിൽ ഒരു ഓൾഡ് അക്കൗണ്ട് പ പേരിലും അക്കൗണ്ട് ഉണ്ട്. (നം. 67081988178) ഈ അക്കൗണ്ടുകൾ എന്തിനാണ് ഇപ്പേ നിലനിർത്തുന്നതെന്ന് വ്യക്തതയില്ല.

2) വ്യാപാരികളിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതി കലക്ഷൻ ധനകാര്യപത്രിക പ്രകാരം 211 രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം 265300 രൂപയാണ്.

3) ധനകാര്യ കമ്മിഷൻ ഗ്രാന്റ് ധനകാര്യപത്രിക പ്രകാരം 1,05,93772 രൂപയാണ്. എന്നാൽ ACR പ്രക അലോട്ട്മെന്റ് ലഭിച്ചത് 59,61, 777 രൂപയാണ്.

4) ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ആസ്തികളും വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല. കൂടാതെ പത്രികയിലെ ആസ്തികളുടെ മൂല്യം ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

5) അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളിൽ അടവാക്ക വാറ്റ് , നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ആദായനികുതി എന്നിവ വാർഷിക ധനകാര്യപത്രിക ചേർത്തിട്ടില്ല. അതിനാൽ ഈ പത്രിക ശരിയായ രീതിയിൽ ഗ്രാമ പഞ്ചായത്തിന്റെ കണക്കു അക്കൗണ്ട് ചെയ്യപ്പെടുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

### 2-2 വാർഷിക ധനകാര്യപത്രികയിലെ ഫണ്ട് / ഗ്രാന്റുകൾ വരവ് ഐ കെ എം പത്രികയിലെ വകയിരുത്തിയ തുകയുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യപത്രികയിൽ വകയിരുത്തിയ വിവിധ ഗ്രാന്റ് തുക, ഐ.കെ.എം പത്രിക വകയിരുത്തിയ തുകയുമായി പൊരുത്തപ്പെടുന്നില്ല. അതിനാൽ, പദ്ധതിക്ക് വകയിരുത്തിയ തുക

യഥാർത്ഥത്തിൽ ലഭ്യമായ തുകയും വ്യത്യാസപ്പെട്ടതിനാൽ പ്രൊജക്ടുകൾക്ക് വകയിരുത്തിയ ശരിയായ തുകയല്ല. വിശദാംശം ചുവടെ :-

| ക്രമ നം | ഫണ്ട് ഇനം | എ എഫ് എസ് പ്രകാരം വരവ് / ചെലവ് തുക | ഐ കെ എം പത്രിക പ്രകാരം വകയിരുത്തിയ തുക | ഐ കെ എം പത്രിക പ്രകാരം ചെലവാക്കിയ തുക |
|---|---|---|---|---|
| | വികസഫണ്ട്-ജനറൽ | 17461810 | 19470299 | 17461810 |
| | എസ്.സി.പി | 6664495 | 8752623 | 6664495 |
| | ടി.എസ്.പി | 50000 | 50000 | 50000 |
| | ധനകാര്യകമ്മിഷൻ ഗ്രാന്റ് | 14325357 | 9273362 | 8353595 |
| | ലോകബാങ്ക് സഹായം | 4911351 | 4120597 | 3984925 |
| | സംരക്ഷണഗ്രാന്റ്-റോഡ് | 4740928 | 5274590 | 4740928 |
| | സംരക്ഷണഗ്രാന്റ്-നോൺ റോഡ് | 3389908 | 5119806 | 3207535 |

വികസനഫണ്ട്- ജനറൽ, ധനകാര്യകമ്മിഷൻ ഗ്രാന്റ്, ലോകബാങ്ക് സഹായം, സംരക്ഷണഗ്ര നോൺ റോഡ് എന്നിവ ധനകാര്യപത്രിക പ്രകാരവും, ഐ.കെ.എം പത്രിക പ്രകാരം വകയിരുത്ത് ചെലവഴിച്ച തുകയും വ്യത്യാസപ്പെട്ടതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അപാ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി-ചട്ടപ്രകാരമുള്ള നടപടി സ്വീകരിച്ചില്ല.

ഓഡിറ്റ് കാലയളവിൽ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, റിട്ടേണുകൾ എന്ന പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

ഗ്രാമപഞ്ചായത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയത് ചട്ടപ്രകാരമല്ല.ക പഞ്ചായത്ത് രാജ് (തൊഴിൽ നികുതി)ചട്ടം 14പ്രകാരം രണ്ടാം നമ്പർ ഫോറത്തിൽ മുഴവൻ ജീവനക്കാ നിന്നും തൊഴിൽനികുതി ഈടാക്കിയത് ഉറപ്പാക്കേണ്ടതാണ്. ഡ്രൈവർ,കുടുംബശ്രീ അക്കൗണ ടെക്നിക്കൽ അസിസ്റ്റന്റ് തുടങ്ങിയ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205 (ബി) പ്രകാരം വാണിജ്യാവശ്യങ്ങൾക്ക് കെട്ടിടനി‍ നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ റൂമുകൾ കൈ വെച്ചിരിക്കുന്നവരുടെ വിവരങ്ങൾ സംബന്ധിച്ചുള്ള നോട്ടീസ് നിർദ്ദിഷ്ട സമയത്തിനുള്ള സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. 2015-16 വർഷത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നി‍ നിർണ്ണയിച്ച് നൽകിയ കെട്ടിട ഉടമകളിൽ നിന്നും വിശദാംശങ്ങൾ ശേഖരിക്കുന്നതിനായി ചട്ടപ്രക നടപടി സ്വീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ നികുതിദായകരായ കച്ചവടക്കാരുടെ വിശദാംശങ്ങളടങ്ങിയ ട്രേഡേഴ്സ് രജി തയ്യാറാക്കേണ്ടതാണ്. ഓഡിറ്റ് കാലയളവിൽ പ്രസ്തുത രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

ഓഡിറ്റ് കാലയളവിൽ ഒന്നാം അർദ്ധ വർഷത്തിൽ സൗത്ത് ഇൻഡ്യൻ ബാങ്കിലെ 5 ജീവനക തൊഴിൽനികുതി അടവാക്കിയിട്ടുണ്ട്. എന്നാൽ രണ്ടാംഅർദ്ധവർഷത്തിൽ തൊഴിൽ നി‍ അടവാക്കിയിട്ടില്ല.

ഡി&ഒ അപേക്ഷാ രജിസ്റ്റർ പ്രകാരം ഇൻഡസ് പോളി വിനൈൽ എന്ന സ്ഥാപനം സമർ അപേക്ഷപ്രകാരം സ്ഥാപനത്തിൽ 21 സ്ഥിരം ജോലിക്കാരുണ്ട്. എന്നാൽ പ്രസ്തുത ജീവനക്കാരിൽ നി തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി ഈടാക്കുന്നതിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്ന വിശദീകരണം സമർപ്പിക്കേണ്ടതാണ്

## 2-4 തനതുവിഭവ സമാഹരണത്തിൽ ഗ്രാമപഞ്ചായത്ത് വേണ്ടത്ര രീതിയിൽ ശ്രദ്ധ ചെലുത്തുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ പ്രധാനവരുമാനങ്ങളിൽ ഒന്നാണ് നികുതിയും, നികുതിയേതര വരുമാ ഉൾപ്പെടുന്ന തനതു ഫണ്ട്. മറ്റു ഗ്രാന്റുകളെ അപേക്ഷിച്ച് സ്വന്തം നിലക്ക് ഗ്രാമപഞ്ചായത്ത ഉപയോഗിക്കാൻ കഴിക്കുന്നതും, ശമ്പളം ഉൾപ്പെടെയുള്ള അനിവാര്യ ചെലവുകൾ നിർവ്വഹിക്കേണ്ടതും തനതുവരുമാനത്തിൽ നിന്നാണ്. ഇതിന്റെ കുറവ് ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങളെ പ്രതികൂലമ ബാധിക്കുന്നതും സർക്കാരിന്റെ ഗ്രാന്റുകളെ പരിധിയിൽ കൂടുതൽ ആശ്രയിക്കാൻ കാരണമാകുകയും ചെ അതിനാൽ തനതുവരുമാനത്തിന്റെ പരമാവധി സമാഹരണം ഗ്രാമപഞ്ചായത്തിന്റെ വിക

പ്രവർത്തനങ്ങളുടെ ആക്കം കൂട്ടുകയും ആ ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ വികസനത്തിൽ മു കൂട്ടാവുകയും ചെയ്യും.

ഗ്രാമപഞ്ചായത്തിന്റെ തനതുവിഭവ സമാഹരണത്തിലെ പുരോഗതി സംബന്ധിച്ച കണ്ടെത്ത കാര്യങ്ങൾ താഴെ കൊടുക്കുന്നു.

I- <u>നികുതി വരുമാനം.</u>

സർക്കാർ നിയമം മൂലം പിരിച്ചെടുക്കാൻ അനുവദിച്ചിട്ടുള്ള നികുതികൾ ആണ് ഇതിൽ ഉൾപ്പെട്ടിട്ടുള്ള ഇതിന്റെ കാര്യക്ഷമമായ പിരിവ് തനതുവരുമാനത്തിന്റെ അളവ് വദ്ധിപ്പിക്കുകയും വിക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുകയും ചെയ്യും. താഴെ പറയുന്നവയാണ് പ്രധാന നികുതികൾ

**<u>i) വസ്തുനികുതി</u>**

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എ (എ) i പ്രകാരം നികുതി നിരക്ക നിർണ്ണയിക്കാനുള്ള അധികാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കും, ചുമത്താനുള്ള അധിക സെക്രട്ടറിക്കുമാണ്. (വകുപ്പ്- 276 (i)) ഇതുപ്രകാരം തൻവർഷം ചുമത്തിയതും ഈടാക്കാനുള്ളതു വസ്തുനികുതി ഇവയാണ്.

| ഇനം | ഡിമാന്റ് തുക | കലക്ഷൻ തുക |
|---|---|---|
| വസ്തുനികുതി | 2653876 | 1627694 |

ഡിമാന്റ് ചെയ്തതിൽ 1026182 രൂപ കുറവായിട്ടാണ് തൻവർഷം ഈടാക്കിയത്. ഈടാക്കിയത് 6 മാത്രമാണ്. ഗ്രാമപഞ്ചായത്തിൽ ക്ലറിക്കൽ വിഭാഗത്തിൽ ക്ലർക്കുമാർ ഉണ്ടായിട്ടും ഡിമാന്റ് തുക മുഴ പിരിച്ചെടുക്കാത്തത് ആശാസ്യമല്ല.

**<u>ii) കെട്ടിടനികുതിയിൻമേൽ സർചാർജ്</u>**

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 208 പ്രകാരം ഏതെങ്കിലും പദ്ധതിക്കോ പ്ലാനിനോ ചെലവ അസാധാരണ ചെലവ് നികത്താൻ കെട്ടിടനികുതിയിൻമേൽ 5% സർച്ചാർജ് ചുമത്താം. പഞ്ചായ പ്രദേശത്ത് ഭാഗികമായോ മുഴുവനായോ ഒരു നിർദ്ദിഷ്ട കാലത്തേക്ക് ഈടാക്കാം. എന്നാൽ , ഇത്തരത്ത സർചാർജ് ഈടാക്കിയിട്ടില്ല.

**iii) സേവനനികുതി**

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 200 (2); 1995ലെ കേരള പഞ്ചായത്ത് രാജ് സേവനനി ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിലെ കെട്ടിടങ്ങളുടെയോ, വസ്തുക്കളുടെയോ വാർഷിക മൂല്യത്തിന്റെ നിശ്ചിത വരുമാനം സേവനനികുതിയായി ഈടാക്കാവുന്നതാണ്. ശുചിത്വപരിപാലനത്തിന് 1% ജലവിതരണത്തിന് 2% ലും തെരുവ് വിളക്ക് കത്തിക്കുന്നതിന് 2% ത്തിലും ഡ്രൈനേജ്, സ്കാവഞ്ച എന്നിവക്ക് 1% ത്തിലും അധികരിക്കാതെ സേവനനികുതി ഈടാക്കാം.

എന്നാൽ ഗ്രാമപഞ്ചായത്ത് ഇത്തരത്തിൽ സേവനനികുതി ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

**iv) തൊഴിൽനികുതി**

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 (1); 1995ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നി ചട്ടങ്ങൾ പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/ തൊ ചെയ്തിട്ടുണ്ടെങ്കിൽ അവരിൽ നിന്ന് തൊഴിൽനികുതി ഈടാക്കാം. ഇത്തരത്തിൽ ഗ്രാമപഞ്ചായ ഈടാക്കിയ തൊഴിൽനികുതിയുടെ കണക്ക് താഴെ :-

| ഇനം | ഡിമാന്റ് തുക | കലക്ഷൻ തുക |
|---|---|---|
| തൊഴിൽ നികുതി | 1465590 | 1411910 |

തൊഴിൽനികുതി ഈടാക്കിയതിൽ 53680 രൂപ കുറവാണ്.ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രക 365 വ്യാപാരികൾ ലൈസൻസ് എടുത്തിട്ടുണ്ട്. എന്നാൽ തൊഴിൽനികുതിയായി ഈടാക്കുന്ന തുക വ കുറവാണ്. വ്യാപാരികളുടെ പേര് ഉൾപ്പെടുത്തിയ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ലൈസ എടുക്കാത്ത വ്യാപാരികളെ എല്ലാവരേയും ലൈസൻസിൽ ഉൾപ്പെടുത്തി തൊഴിൽനികുതി ഈട വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

**v) പ്രദർശന നികുതി**

1995 ലെ കേരള പഞ്ചായത്ത് രാജ് (പ്രദർശന നികുതി ചുമത്തലും ഈടാക്കലും ) ചട്ടങ്ങൾ പ്രക ഗ്രാമപഞ്ചായത്തിൽ നടത്തുന്ന സിനിമ, നൃത്തം, നാടകം, സർക്കസ് എന്നിവയുടെ ഓ

പ്രദർശനത്തിനായും നികുതി ചുമത്താവുന്നതാണ്. എന്നാൽ ഇത്തരത്തിൽ ഗ്രാമപഞ്ചായത്തിൽ വരo തുക ഇല്ല. ഇത്തരത്തിൽ ഉള്ള വരുമാനം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

vi) <u>പരസ്യനികുതി</u>

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഏതെങ്ക ഭൂമിയിലോ കെട്ടിടത്തിൻമേലോ ചുവരിൻമേലോ പരസ്യപ്പലകയിൻമേലോ അല്ലെങ്കിൽ അത് മുകളിലോ ഏതെങ്കിലും പരസ്യം ഏതെങ്കിലും തരത്തിൽ പ്രദർശിപ്പിക്കുകയോ ചെയ്യുന്ന ഏതൊര ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നികുതി ഗ്രാമപഞ്ചായത്തിൽ കൊടുക്കേണ്ടതാണ്.

എന്നാൽ, ഇത്തരത്തിൽ ഒരു നികുതി ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

**<u>II നികുതിയേതര വരുമാനം.</u>**

ഗ്രാമപഞ്ചായത്തിൽ നികുതിവരുമാനം പോലെ തന്നെ പ്രധാനപ്പെട്ടതാണ്. ഫീസ് & യൂസർ ചാർജ്ജ നിന്നാണ് ഇത് ഈടാക്കുന്നത്. പ്രധാനമായും, ഡി & ഒ ലൈസൻസ്, സർട്ടിഫിക്കറ്റ് ഫീസു എന്നിവയാണ് ഈ ഇനത്തിലുള്ള വരവ്.

തനതു് ഫണ്ട് വർദ്ധിപ്പിക്കാൻ നിരവധി സാഹചര്യങ്ങൾ ഉണ്ടായിട്ടും അതിന് നടപടി സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## <u>ഭാഗം -3</u>

## <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേ ഭാഗം]

<u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### 3-1 കോൺക്രീറ്റ് പ്രവർത്തികൾക്ക് തെറ്റായ നിരക്ക് അനുവദിക്കുന്നു

കോൺക്രീറ്റ് പ്രവൃത്തികൾക്ക് CPWD Delhi Shedule of rate Analysis 2014 പ്രകാരം Sub Head 4 പ്രകാരമുള്ള നിരക്കിലാണ് cement concreat pavement with 1: 2: 4 (1 cement;2 course sand ; 4 gra stone aggregate 20mm nominal size including finishing completed) എന്ന ഇനം പ്രവൃത്തി ചെയ്യേണ്ട പഞ്ചായത്തിൽ ഗുണഭോക്തൃ സമിതികൾ വഴി നടത്തിയിട്ടുള്ള കോൺക്രീറ്റ് പ്രവൃത്തികൾക്ക് ത കാണിച്ച പ്രകാരം 6564.29 / M3 ന് ആണ് അർഹതയുള്ളത് എന്നാൽ M3 ന് 6916.05 എന്ന നിര എടുത്തിട്ടുള്ളതിനാൽ കൺവീനർക്ക് M3ന് 351.76 രൂപ അധികം നല്കിയിട്ടുണ്ട് .

4-1-3 sub head പ്രകാരം അർഹതയുള്ള നിരക്ക്

| code | Description | unit | Quantity | Rate | Amount |
|---|---|---|---|---|---|
| 0295 | Stone aggregate single size20 mm nominal size | cum | .670 | 1175 | 787.25 |
| 0297 | Stone aggregate 10 mm nominal size | cum | .220 | 1175 | 258.5 |
| 2202 | Carriage of stone aggregate size below 40 mm nominal size | cum | .890 | 106.49 | 94.78 |
| 0982 | Coarse sand (Zone lll) | cum | .445 | 1200 | 534 |
| 2203 | Carriage of coarse sand | cum | .445 | 106.49 | 47.39 |
| 0367 | Port land cement(0.2225cum) | tonne | .320 | 6300 | 2016 |
| 2203 | Carriage of cement | tonne | .320 | 94.65 | 30.29 |
| 0155 | Mason (average) | day | .100 | 417 | 41.70 |
| 0114 | belder | day | 1.630 | 329 | 536.27 |
| 0101 | bhisti | day | .700 | 363 | 254.1 |
| 0002 | Hire charge of concreat mixure .25to.40 cum.. | day | .070 | 800 | 56 |
| 0012 | Vibrator needle type 40mm | day | .700 | .350 | 24.50 |
| 9999 | Sundries (LS) | | 14.300 | 1.78 | 25.45 |
| total | | | | | 4706.23 |
| Add water charge @ 1% | | | | | 47.06 |
| total | | | | | 4753.29 |
| 4753.29 X 1.381(cost indux..) | | | | | 6564.29 |
| 1m3 ന് കൺവീനർക്ക് അർഹതയുള്ള തുക | | | | | 6564.29 |

| | |
|---|---|
| അനുവദിച്ചതുക | 6916.05 |

**അധികം അനുവദിച്ചതുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

| ക്രമ നം | പ്രൊജക്റ്റ് വിശദാംശങ്ങൾ | ബിൽനമ്പർ, തിയ്യതി,തുക, | 1 : 2 : 4 കോൺക്രീറ്റ് ചെയ്ത അളവ് | അർഹത യുള്ള തുക | അനുവദിച്ച തുക | അധിക അനുവ ച്ചത് |
|---|---|---|---|---|---|---|
| 1 | എസ്.ഒ 122/16- വയലട കണിയാം കണ്ടി റോഡ്<br><br>കൺവീനർ - ജോർജ് മാത്യൂ<br><br>അടങ്കൽ - 200000 (വികസനഫണ്ട്)<br><br>ടി.എസ് -AEE/BB/18/ pwd/15-16/17-05-16 | 111/25-16/<br><br>30-03-16<br><br>200000 | 13.14M3<br><br>M-book 286/15-16-page-5,8 | 13.14 X 6564.29 =86254.77 | 13.14 x 6916.05 =90876.89 | 4622 |
| 2 | എസ്.ഒ 123/16 – റേഷൻ ഷാപ്പ് ഓടക്കുണ്ടാം പൊയിൽ റോഡ്<br><br>കൺവീനർ - ഗിരീഷ് കുമാർ. ടി<br><br>അടങ്കൽ -450000 (വികസനഫണ്ട്)<br><br>ടി.എസ് -AEE/BB/03 /pnd/3/ 15-16/10-08-15 | 30/15-16/30-12-15<br><br>400000 | 26.80M3<br><br>M-book 35/08-page-55,56,60 | 26.80 X 6564.29 =175922.97 | 26.80 x<br><br>6916.05<br><br>=185350.14 | 9427 |
| 3 | എസ്.ഒ 171/16 – താഴെ കാവും പുറം നരിപ്പാറ റോഡ്<br><br>കൺവീനർ - അജിത്ത് .എം അടങ്കൽ - അടങ്കൽ - 350000 (വികസനഫണ്ട്ജനറൽ)100000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br><br>ടി.എസ് -AEE/BB/8/ pwd/38/ 15-16/18-08-15 | 39/25-16/20-01-16<br><br>100000 40/25-16/20-01-16<br><br>350000 | 28.14M3<br><br>M-book 307/15-16-page-7,8,9 | 28.14 X 6564.29 =184719.12 | 28.14 x 6916.05 =194617.65 | 9899 |
| 4 | എസ്.ഒ 170/16 – തരിപ്പാലമുക്ക് മൈലപ്പറമ്പത്ത് റോഡ്<br><br>കൺവീനർ - മുരളീധരൻ. എം 100000(വികസനഫണ്ട്ജനറൽ)<br><br>ടി.എസ് -AEE/BB/[illegible] | 133/25-16/<br><br>31-03-16<br><br>100000 | 6.28 M3<br><br>M-book 306/15-16-page-5,9 | 6.28 X 6564.29 =41223.74 | 6.28 x 6916.05 =43432.79 | 2209 |

| | | | | | | |
|---|---|---|---|---|---|---|
| | ടി.എസ് -AEE/BB/35 /pwd/ 5-16/15-05-15 | | | | | |
| 5 | എസ്.ഒ 155/16 – വലിയ വീട്ടിൽ കാരക്കാടൻ കണ്ടി പാത്ത് വേ<br><br>കൺവീനർ - സെയ്തലവി അടങ്കൽ - 100000(വികസനഫണ്ട്ജനറൽ)<br><br>ടി.എസ് -AEE/BB/31 / pwd/ 31/ 15-16/15-01-16 | 99/25-16/<br><br>17-03-16<br><br>100000 | 6.28 M3<br><br>M-book 285/15-16-page-5,6,10 | 6.28 X 6564.29 =41223.74 | 6.28 x 6916.05 =43432.79 | 2209 |
| 6 | എസ്.ഒ 141/16 – താഴെ കണ്ടി എരഞ്ഞോട്ടും കണ്ടി റോഡ്<br><br>കൺവീനർ - രാമൻ താനക്കണ്ടി<br><br>അടങ്കൽ - 100000 (വികസനഫണ്ട്ജനറൽ<br><br>ടി.എസ് -AEE/BB/37/ pwd/27/ 15-16/18-08-15 | 29/25-16/30-12-15<br><br>100000 | 6.36 M3<br><br>M-book 285/15-16-page-5,6,10 | 6.36 X 6564.29 =41748.88 | 6.36 x 6916.05 =43986.08 | 2237 |
| 7 | എസ്.ഒ 138/16 – സി.പി. മുക്ക് കൈതോയിൽ പാത്ത് വേ<br><br>കൺവീനർ - വേണു.കെ.കെ അടങ്കൽ - 100000 (വികസനഫണ്ട്ജനറൽ<br><br>ടി.എസ് -AEE/BB/37 /pnd/37/ 15-16/13-08-15 | ചെക്ക് നം .5870244-16/30-03-16<br><br>100000 | 6.34 M3<br><br>M-book 292/15-16-page-6,7,11 | 6.34 X 6564.29 =41617.59 | 6.34 x 6916.05 =43847.75 | 2230 |
| 8 | എസ്.ഒ 137/16 – വട്ടോളി ബസാർ മാട്ടാക്കണ്ടി പാത്ത് വേ<br><br>കൺവീനർ - ബഷീർ അടങ്കൽ - 100000(തനത്ഫണ്ട്)<br><br>ടി.എസ് -AEE/BB/28 /pnd/28/ 15-16/18-08-15 | 110/15-16/30-03-16<br><br>100000 | 6.18 M3<br><br>M-book 287/15-16-page-6,7,12 | 6.18 X 6564.29 =40567.31 | 6.18 x 6916.05 =42741.19 | 2174 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 9 | എസ്.ഒ 134/16 – കെയലാട്ട്. മുക്ക് മനത്താം വയൽ നടപ്പാത.<br><br>കൺവീനർ - അഹമ്മദ്കുട്ടി അടങ്കൽ - 100000 (തനത് ഫണ്ട്)<br><br>ടി.എസ് -AEE/BB/34 /pnd/34/ 15-16/18-08-15 | ചെക്ക് നം .5870244-16/30-03-16<br><br>94813 | 6.02 M3<br><br>M-book 298/15-16-page-5,6,8 | 6.02 X 6564.29 =39517.02 | 6.02 x 6916.05 =41634.62 | 2118 |
| 10 | എസ്.ഒ 131/16 – തറോൽ മുക്ക് കോട്ടക്കുന്ന് പാത്ത് വേ<br><br>കൺവീനർ - ചന്ദ്രൻ നായർ<br><br>അടങ്കൽ - 100000 (വികസനഫണ്ട്ജനറൽ<br><br>ടി.എസ് -AEE/BB/41 /pnd/41/ 15-16/21-08-15 | 114/15-16/<br><br>30-03-16<br><br>100000 | 6.42 M3<br><br>M-book 301/15-16-page-6,7,11 | 6.42 X 6564.29 =42142.74 | 6.42 x 6916.05 =44401.04 | 2258 |
| 11 | എസ്.ഒ 128/16 – കുരുടിക്കണ്ടി ചേരോത്ത് താഴെ പാത്ത് വേ<br><br>കൺവീനർ - ടി.കെ. കുഞ്ഞിക്കേളു<br><br>അടങ്കൽ 100000 (വികസനഫണ്ട്ജനറൽ<br><br>ടി.എസ് -AEE/BB/30 /pwd/30/ 15-16/18-08-15 | 101/15-16/<br><br>30-03-16<br><br>100000 | 6.38 M3<br><br>M-book 283/15-16-page-5,9 | 6.38 X 6564.29 =41880.17 | 6.38 x 6916.05 =44124.4 | 2244 |
| 12 | എസ്.ഒ 127/16 –പള്ളി മുക്ക് പാഴേടത്ത് പാത്ത് വേ<br><br>കൺവീനർ - അബ്ദുൾ റസാക്ക്<br><br>അടങ്കൽ - 100000 (വികസനഫണ്ട്ജനറൽ<br><br>[illegible] -AEE/BB/[illegible] | 28/25-16/<br><br>30-12-15<br><br>100000 | 6.80 M3<br><br>M-book 22/08-page-85,91 | 6.80 X 6564.29 =44637.17 | 6.80 x 6916.05 =47029.14 | 2392 |

| | | | | | | |
|---|---|---|---|---|---|---|
| | ടി.എസ് -AEE/BB/29 /pnd/29/ 15-16/18-08-15 | | | | | |
| 13 | എസ്.ഒ 193/16 – കിനാലൂർ എസ്റ്റേറ്റ് കൈതച്ചാൽ റോഡ്<br>കൺവീനർ - ശശ ശീന്ദ്രൻ കെ.സി അടങ്കൽ - 400000 (തനത് ഫണ്ട്)<br>ടി.എസ് -AEE/BB/50 /pwd/50/15-16/01-10-15 | ചെക്ക് നം .5870244-16/30-03-16 400000 | 24.95 M3<br>M-book 285/15-16-page-5,6,10 | 24.95 X 6564.29 =163779.04 | 24.95 x 6916.05 =172555.45 | 8776 |
| 14 | എസ്.ഒ 40/16 – പറക്കുന്നത്ത് കോളനി റോഡ്<br>കൺവീനർ - ദിനേശൻ.പി.എം അടങ്കൽ - 450000 (വികസന ഫണ്ട്)<br>ടി.എസ് -AEE/BB/10 /pnd/10/ 15-16/10-08-15 | 137/2015-16/ 31-03-16 420242 | 2.43 M3<br>M-book 426/15-16-page-23 | 2.43 X 6564.29 =15951.22 | 2.43 x 6916.05 =16806 | 855 |
| ആകെ അധികം നല്കിയത് – 53,650 | | | | | | |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (no.1/2015 ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. അധികം ചെലവഴിച്ച തുക 53,650 ഉത്തരവാദിയായവരിൽന തിരികെ ഈടാക്കേണ്ടതാണ്.

## 3-2 അടവാക്കിയ തുകയ്ക്ക് മുഴവൻ ബിറ്റുമിൻ ലഭിച്ചില്ല

ഗുണഭോക്തൃ സമിതികൾ വഴി നടപ്പിലാക്കുന്ന വിവിധ റോഡ് പ്രവർത്തികൾക്ക് നല്കാനായി തൻവര് സിഡ്ക്കോയിൽനിന്ന് ബിറ്റുമിൻ വാങ്ങിയിട്ടുണ്ട്. ഇതിനായി സിഡ്ക്കോയ്ക്ക് താഴെക്കാണിച്ച പ്രക 17,64,832 രൂപ നൽകിയിട്ടുണ്ട്.

| ഡി.ഡി.നംമ്പർ | തിയ്യതി | തുക |
|---|---|---|
| 238546 | 25-01-2016 | 13,40,327 |
| 238547 | 25-01-2016 | 4,24,505 |
| ആകെ | | 17,64,832 |

എന്നാൽ താഴെക്കാണിച്ച പ്രകാരം 16,40,498 രൂപയുള്ള ബിറ്റുമിൻ മാത്രമാണ് നാളിതുവരെ ലഭിച്ചിട്ടുള്ള

| ഇൻവോയ്സ് നമ്പർ,തിയ്യതി | അളവ് | തുക |
|---|---|---|
| 16160/ 24-03-2016 | VG-10 -14 barrel | 74003 |
| 15062/ 26-02-2016 | VG-30 -14 barrel | 72178 |
| 15063/ 26-02-2016 | VG-30 -2 barrel | 10563 |
| 13984/ 16-02-2016 | VG-30 -32 barrel | 164571 |
| 14006/ 16-02-2016 | VG-30 -85 barrel | 437138 |
| 13747/ 13-02-2016 | VG-30 -24 barrel | 129599 |
| 13746/ 13-02-2016 | VG-30 -60 barrel | 323999 |
| 16105/ 10-02-2016 | VG-10 -60 barrel | 315490 |
| 13415/ 01-02-2016 | VG-30 -21 barrel | 113407 |
| ആകെ | | 16,40,948 |

1,23,884 രൂപയുള്ള ബിറ്റുമിൻ ലഭ്യമാക്കാത്തതിന് (17,64,832 - 16,40,948= 1,23,884 )വിശദീകര ലഭ്യമാക്കുന്നതിന് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (no.2/2015-16) മറുപടി ലഭ്യമാക്കിയ മറുപടിയ ബിറ്റുമിൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ബിറ്റുമിൻ ലഭിക്കാത്തതിനാൽ അധ നല്കിയ 1,23,884രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ തുക ഈടാക്കാത്തപക്ഷം നിർവ്വഹ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്.

## 3-3 അതുല്യം പദ്ധതി - പദ്ധതി മാർഗരേഖ കൃത്യമായി പാലിക്കുന്നില്ല.

പ്രൊജക്ടിന്റെ പേര് - അതുല്യം പദ്ധതി - രണ്ടാം ഘട്ടം

പ്രൊജക്ട് നമ്പർ - 187/16

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

അടങ്കൽ - 86002രൂപ (തനത് ഫണ്ട്- )

ചെലവ് - 29818രൂപ (ചെക്ക് നം.0386745 തി. 29.10.15)

33350 രൂപ (ചെക്ക് നം.86710 തി. 23.7.15)

16585 രൂപ(ചെക്ക് നം.386796 തി. 28.3.16)

മേൽപറഞ്ഞ പ്രൊജക്ടിന് 86002രൂപ (തനത് ഫണ്ട്- ) വകയിരുത്തിയിട്ടുണ്ട്. പ്രേരക് മാ ഹോണറേറിയം, പുസ്തകം, പരിശീലനം, പഠിതാക്കളുടെ സംഗമം, വിനോദയാത്ര, കുടനിർമ്മാ സർട്ടിഫിക്കറ്റ് വിതരണം, എന്നിവയ്ക്കാണ് തുക വകയിരുത്തിയിരിക്കുന്നത്. 79753 രൂപ ഈ ഇനത്ത ചെലവഴിച്ചിട്ടുണ്ട്. നാല് പ്രേരക് മാർക്ക് അലവൻസ് നൽകാനായി 8000 രൂപയും, ഓണറേറി യാത്രാബത്ത, മറ്റു നടത്തിപ്പുചെലവുകൾക്കായി 71753 രൂപയും ചെലവഴിച്ചിട്ടുണ്ട്. തുക ചെലവഴിച്ചത് വിശദാംശം താഴെ :-

| | |
|---|---|
| അതുല്യം തുല്യതാക്ലാസ് | 33350 |
| വിനോദയാത്ര | 19825 |
| കുടനിർമ്മാണം | 9993 |
| സർട്ടിഫിക്കറ്റ് വിതരണം | 16585 |
| ആകെ | 79753 |

സ.ഉ. (സാധാ) 2735/14 തസ്വഭവ തി. 21.10.2014 പ്രകാരം അതുല്യം സമ്പൂർണ്ണ വിദ്യാഭ്യാസ പരി എന്ന പ്രൊജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അനു നൽകിയിട്ടുണ്ട്. എന്നാൽ യാത്രാബത്ത, വിനോദയാത്ര, കുടനിർമ്മാണം, നടത്തിപ്പുചെലവുകൾക്ക പണം അനുവദിക്കാമോ എന്നതിനെ കുറിച്ച് വ്യക്തമാക്കിയിട്ടില്ല. കൂടാതെ സ.ഉ. (എം എസ്) 362/ തസ്വഭവ തി. 16.11.2013 അനുബന്ധം 1 ഖ. 6 (vii) പ്രകാരം തുടർ വിദ്യാഭ്യാസ പ്രവർത്തന നടത്തുന്നതിന്റെ ഭാഗമായി വിവിധ ക്ലാസുകളിലെ പരീക്ഷ എഴുതുന്നവർക്ക് സാക്ഷരതാമിഷൻ നൽ പാഠപുസ്തകങ്ങളുടെ വിലയും സാക്ഷരതാമിഷനിൽ അടക്കേണ്ട ഫീസും തദ്ദേശ ഭരണ സ്ഥാപനങ്ങ നൽകാവുന്നതാണ്. അതിനാൽ, ഉത്തരവിൽ ഇല്ലാത്ത ഇനങ്ങൾക്കായി ചെലവഴിച്ച തുകയായ 29818 ഹെഡ് മാസ്റ്ററിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 ആശ്രയ – പദ്ധതി നടത്തിപ്പിലെ അപാകതകൾ

ദാരിദ്ര്യനിർമ്മാർജ്ജന ഉപപദ്ധതിയിൽ ഉൾപ്പെടുത്തി അഗതി കുടുംബങ്ങൾക്കുവേണ്ടി തയ്യാറാക

ആശ്രയ പ്രൊജക്ട് പ്രകാരം അശരണരായ പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും പ്രാഥ സൗകര്യങ്ങൾ ഉറപ്പുവരുത്തി ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തികൊണ്ടുവരേണ്ടതാ ഗ്രാമപഞ്ചായത്തിലെ 2013-16ലെ ഒന്നാംഘട്ട ആശ്രയ ലിസ്റ്റ് പ്രകാരം ആകെ 51 അഗതി കുടുംബങ 2014-17 രണ്ടാംഘട്ട ലിസ്റ്റ് പ്രകാരം ആകെ 60 അഗതി കുടുംബങ്ങളുമുണ്ട്.ഓഡിറ്റ് കാലയളവിലെ പ ചെലവുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1). ഒന്നാംഘട്ട ആശ്രയ ലിസ്റ്റ് പ്രകാരം വീടാവശ്യമുള്ള 7കുടുംബങ്ങളും രണ്ടാംഘട്ട ലിസ്റ്റ് പ്രക വീടാവശ്യമുള്ള 24കുടുംബങ്ങളുമുണ്ട്. കൂടാതെ വീട് റിപ്പയറിംഗ് ആവശ്യമുള്ള 9 കുടുംബങ്ങളുമുണ്ട്. അഗതി കുടുംബങ്ങൾക്ക് വീട് റിപ്പയറിംഗിനും വിവിധ ഭവനനിർമ്മാണ പദ്ധതികളിലുൾപ്പെടുത്തി അനുവദിച്ചതായും കാണുന്നില്ല.മേൽ അഗതി കുടുംബങ്ങൾക്ക് വീടനുവദിച്ചത് സംബന്ധിച്ച് വിശദാംശ സമർപ്പിക്കേണ്ടതാണ്.

2). ഒന്നാം ഘട്ട ലിസ്റ്റിൽ ഉൾപ്പെട്ട അഗതി കുടുംബങ്ങൾക്ക് നിലവിൽ ആനുകൂല്യങ്ങളൊ നൽകുന്നില്ല.മേൽ കുടുംബങ്ങൾക്ക് സഹായം നൽകുന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടില്ല.മാത്രമല്ല പ പ്രവർത്തനം കേവലം ഭക്ഷണവിതരണത്തിലൊതുക്കി.രണ്ടു ലിസ്റ്റുകളിലായി 111 അ കുടുംബങ്ങളുള്ളപ്പോൾ ചികിൽസ, കുടിവെള്ളം, വൈദ്യുതി,വിദ്യാഭ്യാസം തുടങ്ങി വിവിധമേഖലക പരിചരണ പാക്കേജ് തയ്യാറാക്കി പ്രവർത്തനം വ്യാപിപ്പിക്കാമായിരുന്നെങ്കിലും മേൽ പ്രവർത്തന നടത്തിയതായി കാണുന്നില്ല.

3). മുഴുവൻ അഗതി കുടുംബങ്ങൾക്കും ഭക്ഷണകിറ്റുകൾ വിതരണം ചെയ്യുന്നില്ല.ലിസ്റ്റുപ്രകാരമുള്ള കുടുംബങ്ങൾക്കും ഭക്ഷണകിറ്റുകൾ എത്തിക്കാത്തതിനാൽ ഭക്ഷണ കിറ്റുകൾ പല മാസങ്ങളിലും ബാല ഉണ്ടാവുന്നു.ഓഡിറ്റ് കാലയളവിൽ തുടർച്ചയായി കിറ്റുകൾ വിതരണം നടത്താത്തതിന് വിശദീകര സമർപ്പിക്കേണ്ടതാണ്.

4). അന്ത്യോദയ അന്നപൂർണ പദ്ധതികളിലുൾപ്പെടുത്തി മുഴുവൻ അഗതി കുടുംബങ്ങൾക്കും റേ സാധനങ്ങൾ ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 17ാം നമ്പർ എൻക്വയറിക്ക് സമർ മറുപടി പൂർണമല്ല.ഗുണഭോക്താക്കൾക്ക് ലഭ്യമായ സേവനങ്ങൾ സംബന്ധിച്ച് രജിസ്റ്റ സൂക്ഷിച്ചിട്ടില്ല.അഗതി കുടുംബങ്ങൾക്ക് സർക്കാർ നിർദ്ദേശിച്ച പ്രകാരം ആനുകൂല്യങ്ങൾ ലഭ്യമാക്കാ സംബന്ധിച്ച് വിശദമായ മറുപടി സമർപ്പിക്കേണ്ടതാണ്.

3-5 ആശ്രയ പദ്ധതി വികസന ഫണ്ട് വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്നു

പ്രൊജക്ട് നമ്പർ - എസ്.ഒ186 / 2015-16

അടങ്കൽ - 2000000 രൂപ

(വികസന ഫണ്ട് -ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് - 2000000 രൂപ

ബിൽനമ്പർ, തിയ്യതി - 13/2015-16/ 21-01-2016

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

കുടുംബശ്രീ മുഖേന നടപ്പിലാക്കി വരുന്ന ആശ്രയപദ്ധതി പദ്ധതിയുടെ പ്ളാൻ ഫണ്ട് വിഹ അനുവദിക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ആശ്രയ രണ്ടാം ഘട്ട പ്രൊജക്ട് ഗുണഭോക്താക്കൾക്ക് വീട്, വീട് റിപ്പയർ, കക്കൂസ്, ഭൂമി, കുടി വെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യ നല്കുന്നതിന് 30-11-2015ലെ സി.ഡി. എസ് ചെയർപേഴ്സന്റെ കത്തിന്റെ അടിസ്ഥാനത്തിലാണ് നല്കിയിട്ടുള്ളത്. സി.ഡി.എസ് ചെയർപേഴ്സൺ രണ്ടാംഘട്ട പ്രൊജക്ടിലെ ഗുണഭോക്താക്കൾക്ക് അടിസ്ഥ സൗകര്യങ്ങൾ നല്കുന്നതിന് ആവശ്യമുള്ള തുക എത്രയാണെന്ന് കത്തിൽ വ്യക്തമാക്കിയിട്ടില്ല. ഡി.ഡി 238560/25-01-2016 പ്രകാരം നല്കിയ 20,00,000 രൂപ ആശ്രയ പദ്ധതി യുടെള്ള ബങ്ക് അക്കൗണ്ടിൽ ( 34989748710) നിക്ഷേപിച്ചിട്ടുണ്ട്. ഇതിൽ താഴെ കാണിച്ച പ്രകാരം 250000 രൂപ മാത്രമാണ് ഇതു ചെലവഴിച്ചിട്ടുള്ളത്.

| തീയതി | ഗുണഭോക്താവ് | തുക |
|---|---|---|
| 16-04-2016 | ശാന്തി കുന്നേമാക്കൽ | 25000 |
| 16-04-2016 | കമലാക്ഷി | 25000 |
| 30-05-2016 | ശർമിള | 25000 |
| 21-07-2016 | ചീരു മുടിയാണ്ടി | 75000 |
| 01-11-2016 | ശർമിള | 75000 |
| ആകെ | | 225000 |

കൂടുതൽ ശ്രദ്ധ ആവശ്യമുള്ള അഗതി കുടുംബങ്ങൾക്ക് ഫണ്ട് ഉണ്ടായിട്ടും അടിസ്ഥാന സൗകര്യ ഒരുക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. 17,75,000 ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ട സൂക്ഷിച്ചിരിക്കുകയാണ്.

അപാകതകയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല . ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള 17,75,000 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-6 പുനരധിവാസ ഭവനം സ്ഥലം ലഭ്യമാക്കൽ

പ്രൊജക്ട് - പുനരധിവാസ ഭവനം സ്ഥലം ലഭ്യമാക്കൽ

പ്രൊജക്ട് നം - 119/16

അടങ്കൽ - 11,25,000 രൂപ (9,50,000 രൂപ – SCP; 175000- തനത് ഫണ്ട് )

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

ചെലവ് - 9,50,000 രൂപ (ബിൽ നം. 19/15-16 dtd.23.3.16)

1,75000 രൂപ ചെക്ക് നം. 0386798/24.3.2016

മേൽ പ്രൊജക്ട് പ്രകാരം 3 ഗുണഭോക്താക്കൾക്ക് വീട് വെക്കുന്നതിന് സ്ഥലം വാങ്ങി നൽകിയിട്ടു സ.ഉ.(കൈ)നം. 73/2014 തി. 9.10.2014 പ്രകാരം അനുവദിക്കപ്പെട്ട 3,75,000 രൂപയാണ് ഓ ഗുണഭോക്താക്കൾക്കും അനുവദിച്ചത്. വിശദാംശം ചുവടെ:-

| ക്രമ നം | ഗുണഭോക്താവിന്റെ പേര് വിലാസം | വാങ്ങിയ സ്ഥലം (ആർസ്) ആധാരം നം. | നൽകിയ തുക | ഡി ഡി നം. തിയ്യതി |
|---|---|---|---|---|
| 1 | ജെനലീഷ് കുമാർ കെ വി കിഴക്കുംപുറത്ത് വയൽ, കിനാലൂർ പി ഒ | 2.211 ആർസ് 699/16/ I | 375000 | 078373/31.3.16 |
| 2 | ബിനീഷ് കൊന്നോളി, പനങ്ങാട് | 2.59 ആർസ് 702/16/ I | 200000<br>175000 | 078374/31.3.16<br>078693/5.4.16 |
| 3 | പത്മിനി കൈതോട്ട്, കിനാലൂർ പി ഒ | 2.43 ആർസ് 701/16/I | 3,75,000 | 078372/31.3.16 |

മുകളിൽ പറഞ്ഞവരെല്ലാം 3 സെന്റിൽ അധികമാണ് ഭൂമി വാങ്ങിയത്. സ.ഉ (എം എസ്) 362/‌ തസ്വഭവ അനുബന്ധം 16 ഖ. 3.6.3 പ്രകാരം ഗ്രാമപ്രദേശങ്ങളിൽ കുറഞ്ഞത് 3 സെന്റ് സ്വ വാങ്ങിയിരിക്കണം. സബ്സിഡി തുകയുടെ പരിധിയിൽ കവിയാതെ നിശ്ചയിക്കപ്പെട്ട മിന വിസ്തൃതിയിൽ കൂടുതൽ സ്ഥലം വാങ്ങിച്ചാൽ മിനിമം സ്ഥലത്തിനുള്ള വില നിജപ്പെടുത്തി സബ്സിഡി പരിമിതപ്പെടുത്തേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ഇത്തരത്തിൽ അധികം വാങ്ങിയ സ്ഥലത്തിനു അനുസരിച്ചല്ല സബ്സിഡി നൽകി ചെലവ് 11,25,000 രൂപ ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.

## 3-7 കൃഷിഭവനിലും, വെറ്ററിനറി ഹോസ്പിറ്റലിലും, സോളാർ സിസ്റ്റം സ്ഥാപിക്കൽ- പദ്ധത് നടത്തിപ്പിലെ അപാകതകൾ.

പ്രൊജക്റ്റ് - കൃഷിഭവനിലും, വെറ്ററിനറി ഹോസ്പിറ്റലിലും, സോളാർ സിസ്റ്റം സ്ഥാപിക്കൽ-

പ്രൊജക്റ്റ് നം - 18/16

അടങ്കൽ - 500,000 രൂപ (സംരക്ഷണഗ്രാന്റ് നോൺറോഡ് )

ചെലവ് - 4,26,495 രൂപ (ബിൽ നം. J 11/15-16 dtd. 31.3.2016)

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

കൃഷിഭവനിലും, വെറ്ററിനറി ഹോസ്പിറ്റലിലും, സോളാർ സിസ്റ്റം സ്ഥാപിക്കാനായി C DIT ഉമായ കരാർ ചമച്ചത്. (നം. ഇല്ല തി. 10.5.2016) കരാറിലെ വ്യവസ്ഥകൾ പ്രകാരം പ്രൊജക്റ്റ് കോസ്റ്റ് ചെലവിന്റെ 100 % ഉം പ്രവൃത്തി പൂർത്തിയാക്കി 30 ദിവസത്തിനുള്ളിൽ നൽകണം. ഇവർ തയ്യാറാക എസ്റ്റിമേറ്റ് പ്രകാരം മുകളിൽ പറഞ്ഞ ബിൽ തുക 10.5.2016 ന് മുഴുവൻ തുകയും സ്ഥാപനത്ത നൽകിയിട്ടുണ്ട്. 2 KW പവർ ഉള്ള സോളാർ സിസ്റ്റം സ്ഥാപിക്കാനായി അതിന്റെ വില 4,04,711 രൂപ (നികുതി അടക്കം); 21755 രൂപ സ്ഥാപിക്കാനുമായാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്.

പെയ്മെന്റ് ടേംസ് പ്രകാരം എം ഒ യു ഒപ്പിട്ടതിനു ശേഷം 75 % തുക നൽകുകയും, ശേഷം തുക പ്രൊ പൂർത്തിയാക്കിയതിനു ശേഷവുമാണ് നൽകേണ്ടത്. എം ഒ യു ഒപ്പിട്ടത് 10.05.2016 നാണ്.

എം ഒ യു ഒപ്പിട്ട അന്നുതന്നെ മുഴുവൻ തുകയും C DIT ന് നൽകിയിട്ടുണ്ട്. കൂടാതെ ഈ ഓഡിറ്റ് ദിനം പ്രൊജക്റ്റ് പൂർത്തിയാക്കുകയും ചെയ്തിട്ടില്ല. മുഴുവൻ തുകയും C DIT ന് നൽകിയിട്ടും ഇതുവരെ പ്രൊ പൂർത്തിയാക്കിയിട്ടില്ല. പ്രൊജക്റ്റ് എത്രയും പെട്ടെന്ന് പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്. ചെ തുക 4,26,495 രൂപ ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.

3-8 എസ് എസ് എ ക്കുള്ള വിഹിതം- വിനിയോഗവിവരം ലഭ്യമാക്കിയില്ല.

പ്രൊജക്ട് - എസ്.എസ്.എ യ്ക്കുള്ള വിഹിതം

പ്രൊജക്ട് നം - 11/16

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

അടങ്കൽ - 400000 രൂപ (ധനകാര്യ കമ്മിഷൻ ഗ്രാന്റ് )

ചെലവ് - 400000രൂപ (ബിൽ നം. 1/15-16 തി. 29.12.2015)

മേൽ പറഞ്ഞ പ്രൊജക്ടിൽ 400000 രൂപ എസ് എസ് എ യ്ക്കുള്ള വിഹിതമായി ജില്ലാ പ്രൊജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. ഈ തുക വിനിയോഗിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 400000രൂപ ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.

3-9 പ്രത്യേക കന്നുകുട്ടി പരിപാലനം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

പ്രൊജക്ട് - പ്രത്യേക കന്നുകുട്ടി പരിപാലനം

പ്രൊജക്ട് നം - 15/16

അടങ്കൽ - 14,00,000 രൂപ (CFC- 3,50,000;സംസ്ഥാന വിഹിതം-3,50,000 ഗുണഭോക്തൃ വിഹിതം 7,00,000 )

ചെലവ് - 350000 രൂപ (ബിൽ നം. J4/15-16 28.01.2016)

പ്രത്യേക കന്നുകുട്ടി പരിപാലനം പദ്ധതിക്കായി മേൽ ബിൽ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. എന്ന ഇത് വിനിയോഗിച്ചതു സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിനിയോ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

3-10 പദ്ധതി നടത്തിപ്പിന്റെ വിനിയോഗ വിവരം ലഭിക്കാത്തത് സംബന്ധിച്ച്

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 വർഷങ്ങളിൽ നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗ വിവരം ലഭിച്ചിട്ടില്ല

| പ്രൊജക്ട് | ചെലവ് തുക | ബിൽ/ ഡി.ഡി./ നമ്പർ,തിയ്യതി | റിമാർക്സ് |
|---|---|---|---|
| എസ്.ഒ.201/2015-16 ഐ.എ.വൈ. ഭവന പദ്ധതി | 120000<br>(വികസന ഫണ്ട്- | 40/2015-16/<br>31-03-2016 | വിനിയോഗവിവരം ലഭിച്ചിട്ടി പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്ത ക്കളുടെ എണ്ണം , ഗുണഭോക്തൃ ലിസ |

| | | | |
|---|---|---|---|
| | എസ്.സി.പി) | | ഓരോഗുണഭോക്താവിന്റെയും വിഹിത മുതലായവ ലഭ്യമാക്കിയിട്ടില്ല. |
| എസ്.ഒ.204/2015-16 ഐ.എ.വൈ. ഭവന പദ്ധതി | 140000 (വികസന ഫണ്ട് ജനറൽ) | 41/2015-16/ 31-03-2016 | വിനിയോഗവിവരം ലഭിച്ചിട്ടില്ല. പ തിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളു എണ്ണം , ഗുണഭോക്തൃ ലിസ്റ്റ്, ഓരോ ഗുണഭോക്താവിന്റെയും വിഹിത മുതലായവ ലഭ്യമാക്കിയിട്ടില്ല. |
| എസ്.ഒ.191/2015-16 കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ തെരുവുനായ നിയന്ത്രണ പദ്ധതി വിഹിതം നല്കൽ | 200000 (തനത് ഫണ്ട്) | 078371/ 31-03-2016 | വിനിയോഗവിവരം ലഭിച്ചിട്ടില്ല. കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ രശീതി ലഭിച്ചിട്ടില്ല. |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നം.9/2 16 മറുപടി ലഭ്യമാക്കിയിട്ടില്ല. 460000 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-11 ക്ഷീര വികസനം കാലിത്തീറ്റ സബ്സിഡി- പണമായി നൽകി.

പ്രൊജക്ട് - ക്ഷീര വികസനം കാലിത്തീറ്റ സബ്സിഡി

പ്രൊജക്ട് നം - 194/16

അടങ്കൽ - 4,00,000രൂപ(വികസന ഫണ്ട്- 50,000; ബ്ലോക്ക് വിഹിതം- 3,50,000)

ചെലവ് - 50,000 രൂപ (ബിൽ നം. J 10/15-16 dtd. 14.3.2016)

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

ക്ഷീരകർഷകർക്ക് കാലിത്തീറ്റക്ക് സബ്സിഡി നൽകാനാണ് പ്രൊജക്ട് തയ്യാറാക്കിയിരിക്കുന്ന ഇതിന് ബ്ലോക്ക് വിഹിതം അടക്കം 4,00,000രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പ് അപാകതകൾ താഴെ കൊടുക്കുന്നു:-

1) 4,00,000രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും, ബ്ലോക്ക് വിഹിതം ലഭ്യമാക്കിയില്ല. അതിനാൽ കർഷക പരമാവധി ആനുകൂല്യം നൽകിയിട്ടില്ല.

2) സ. ഉ (എം എസ്) 362/13 തസ്വഭവ തി. 16.11.2013, അനുബന്ധം 16 ഖ. 3.2. (10) പ്രക ക്ഷീരസംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 3 രൂപ തോതിൽ കണക്കാക്കി അത്രയും തുക

കാലിത്തീറ്റ ഓരോ മാസവും നൽകാവുന്നതാണ്. എന്നാൽ ഇവിടെ ഒരു ലിറ്റർ പാലിന് 1.30 രൂപ നിരക

പണമായിട്ടാണ് കർഷകർക്ക് നൽകിയത്. ഈ തുക മൂന്ന് സഹകരണ സംഘങ്ങൾക്ക് നൽകി.

3) ഇതേ മാർഗ്ഗരേഖയിൽ കേരള ഫീഡ്സ് അല്ലെങ്കിൽ മിൽമ കാലിത്തീറ്റയേ നൽകാൻ പാടുള്ളൂ എ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കർഷകർക്ക് സബ്സിഡി പണമായി നൽകിയതിനാൽ വാങ്ങുന്നുണ്ടോ എന്ന് വ്യക്തതയില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് നൽ മറുപടിയിൽ

മുഴുവൻ കർഷകർക്കും ബാങ്ക് അക്കൗണ്ട് ഇല്ലാത്തതിനാലാണ് സഹകരണ സംഘം സെക്രട്ടറിമാർ മു നൽകിയതെന്ന് അറിയിച്ചു. ബ്ലോക്ക് വിഹിതം കിട്ടാത്തതിനാലുമാണ് പഞ്ചായത്ത് വിഹിതം മാ നൽകിയതെന്നും അറിയിച്ചു. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 3-12 പാലിയേറ്റീവ് പരിചരണ പദ്ധതി - പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നം | - എസ്.ഒ.58 / 2015-16 |
| അടങ്കൽ | - 388000 രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | - 388000 രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |

കിടപ്പിലായ രോഗികൾക്ക് സാന്ത്വനപരിചരണവും ചികിത്സയും നല്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പാലിയേറ്റീവ് പരിചരണ പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്ക

1)<u>ചെലവുകൾ അക്കൗണ്ട് വഴി നടത്തുന്നില്ല</u>

പാലിയേറ്റീവ് കെയർ മാർഗരേഖ പ്രകാരം പ്രൊജക്റ്റിന് വേണ്ടിയുള്ള എല്ലാ ചെലവുകളും ( സന്ദർശന ദിവസങ്ങളിൽ സന്നദ്ധ പ്രവർത്തകർക്കുള്ള ഭക്ഷണം ഒഴികെ )തുക നൽകേണ്ട വ്യക്തിയുടെ സ്ഥാപനത്തിന്റെയോ അക്കൗണ്ടിലേക്ക് നൽകുകയാണ് വേണ്ടത് യാതൊരു കാരണവശാലും പണമാ , ചെക്കായോ, ഡി.ഡി യായോ തുക ചെലവഴിക്കാൻ പാടില്ല എന്ന നിബന്ധന പാലിച്ചിട്ടില്ല.

2) <u>മതിയായ രേഖകൾ ഇല്ലാതെ ചെലവുകൾ നടത്തുന്നു</u>

ഗൃഹ സന്ദർശന ദിവസങ്ങളിൽ സന്നദ്ധ പ്രവർത്തകർക്കുള്ള ഭക്ഷണചെലവിനായി പണം ചെലഴിക്കുന്നുണ്ട്. ഇത് പ്രസ്തുത ആവശ്യത്തിന് തന്നെയാണ് വിനിയോഗിക്കുന്നത് എന്നതിന് ബില്ലുകളൊന്നും സൂക്ഷിച്ചിട്ടില്ല. ഓഫീസിൽ നിന്ന് വ്യക്തതയില്ലാതെ എഴുതി തയ്യാറാക്കുന്ന രശീതി മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. തയ്യാറാക്കിയിട്ടുള്ള ഈ രശീതികൾ യാത്രാ റൂട്ടുമായി പൊരുത്തമില്ലാത്തതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (no.4/2015 ലഭ്യമാക്കിയ മറുപടിയിൽ അപാകത പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.അപാകത ആവർത്തിയ്ക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 കാലഹരണപ്പെട്ട മരുന്നുകൾ സൂക്ഷിക്കുന്നു

ഹോമിയോ മെഡിക്കൽ ഓഫീസറുടെ "ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ " പ പദ്ധതി പരിശോധിക്കുന്നതിന്റെ ഭാഗമായി മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചപ്പോൾ 01 2008 ൽ സ്റ്റോക്കിൽ എടുത്തിട്ടുള്ള tincture (Q), potency 30th, 200th ഇനത്തിൽപ്പെട്ട ധാരാളം മരുന്നു സ്റ്റോക്കിൽ ഉള്ളതായി കാണുന്നു. വാങ്ങിയിട്ട് 8 1/2 വർഷം കഴിഞ്ഞിട്ടുള്ളതാണ് ഈ മരുന്നുകൾ. 30- 2014 ലെ D.M.O മീറ്റിങ്ങ് തീരുമാനപ്രകാരം ഈ മരുന്നുകൾ എഴുതിത്തള്ളുന്നതായി 06-10-2014 രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 31.03.2015 ന് ഈ മരുന്നുകൾ തിരികെ സ്റ്റോക്കിൽ എടുത്തിട്ടുണ്ട്. മരുന്നുകൾ വിനിയോഗിക്കാതെ സ്റ്റോക്കിൽ അവശേഷിക്കുന്നു.

tincture (Q) ഇനത്തിൽപ്പെട്ട 10 തരം മരുന്നുകളും potency 30th ഇനത്തിൽപ്പെട്ട 100 അധികം മരുന്നുകളും potency , 200th ഇനത്തിൽപ്പെട്ട 70 ഓളം മരുന്നുകളും സ്റ്റോക്കിൽ ഉണ്ട്.

ആവശ്യത്തിൽ അധികം മരുന്നുകൾ വാങ്ങുന്നതിനും, കാലഹരണപ്പെട്ട മരുന്നു ഉപയോഗിക്കുന്നതിനും വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറു ലഭ്യമാക്കിയില്ല.

## 3-14 ആട്ടുവളർത്തൽ- ആടിന്റെ വില നൽകിയത് ഇൻഷ്വർ തുകയുമായി പൊരുത്തപ്പെടുന്നില്ല.

പ്രൊജക്റ്റ് - ആട്ടുവളർത്തൽ

പ്രൊജക്റ്റ് നം - 14/16

അടങ്കൽ - 7,20,000 രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ്- 3,60,000/- ഗുണഭോക്തൃവിഹിതം- 3,60,000/-)

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

ചെലവ് - 96000 രൂപ (ബിൽ നം. J 5/15-16 dtd. 16.2.2016)

96000 രൂപ (ബിൽ നം. J 7/15-16 dtd. 26.3.2016)

168000 രൂപ (ബിൽ നം. J 13/15-16 dtd. 31.3.2016)

30 വനിതകൾക്ക് 3 ആടുകളെ വീതം നൽകാനാണ് പ്രൊജക്ട് തയ്യാറാക്കിയിരിക്കുന്നത്. ഒരാൾ 12,000 രൂപ സബ്സിഡിയും, 12,000 രൂപ ഗുണഭോക്തൃ വിഹിതവുമാണ്. ഓരോ ഗുണഭോക്താവിനും 12, രൂപ സബ്സിഡിയായി നൽകിയിട്ടുണ്ട്. സ. ഉ (എം എസ്) 362/13 തസ്വഭവ തി. 16.11.2013, അനുബ 16 ഖ. 3.2. (2) പ്രകാരം വാങ്ങുന്ന ആടുകൾക്ക് കുറഞ്ഞത് 10 കിലോ ഭാരം ഉണ്ടായി രിക്കണമെ തൊഴുത്ത് പുനരുദ്ധാരണം, തീറ്റ ചെലവ്, ഇൻഷ്വറൻസ് ചെലവുകൾ എന്നിവ ഗുണഭോക്താക്കൾ സ വഹിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇതു പ്രകാരം ഗുണഭോക്താക്കൾ ആണ് ഇൻഷ്വറൻസ് ചെലവു വഹിച്ചത്.

2 ഗുണഭോക്താക്കൾ ഒഴികെ മറ്റെല്ലാവരും ആടുകളുടെ ആകെ വിലയായ 24,000 രൂപയ്ക്കോ അ മുകളിലോ ഉള്ള തുകയ്ക്ക് ഇൻഷ്വർ ചെയ്തിട്ടില്ല. പകരം മൂന്ന് ആടുകളേയും കൂടി 9000 രൂപയ്ക്കാണ് ഇൻ ചെയ്തിരിക്കുന്നത്. ഇതിനാൽ ഈ തുക ആടിന്റെ യഥാർത്ഥ വിലയോ, ഇൻഷ്വറൻസ് തുക ക കാണിക്കുകയോ ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ :-

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | ഇൻഷ്വർ ചെയ്ത തുക(3 ആടുകൾ) | അടച്ച പ്രീമി |
|---|---|---|---|
| 1 | സൗദാബീവി എ എം, ചോയിമഠത്തിൽ | 9000 | 284 |
| 2 | ദേവി കാരോറമലയിൽ | 9000 | 284 |
| 3 | ജമീല കരണോത്ത് | 9000 | 284 |
| 4 | പത്മിനി പേര്യമലയിൽ | 24000 | 756 |
| 5 | സുനീറ കളത്തിൽ | 9000 | 284 |
| 6 | സാവിത്രി നെരാടിമലയിൽ | 9000 | 284 |
| 7 | സാജിത ചെറായിൽ | 9000 | 284 |
| 8 | സഖില | 9000 | 284 |
| 9 | റാബിയ ചാത്തൻവീട്ടിൽ | 9000 | 284 |
| 10 | ഷറീഫ പാടവീട്ടിൽ മീത്തൽ | 9000 | 284 |
| 11 | തങ്കമണി ആമയാട്ടുപുറായിൽ | 9000 | 284 |
| 12 | ലീല പുളിയൻകണ്ടി | 9000 | 284 |
| 13 | ഷരീഫ തുമ്പയിൽ താഴെ | 9000 | 284 |
| 14 | ശ്യാമള നെരാടിമലയിൽ | 9000 | 284 |
| 15 | സൗമിനി കൊല്ലിയേലത്ത് | 9000 | 284 |
| 16 | പാത്തുമ്മ ഞേറക്കാട്ടിൽ | 9000 | 284 |

| | | | |
|---|---|---|---|
| 17 | ലക്ഷ്മിക്കുട്ടി അമ്മ | 9000 | 284 |
| 18 | രമ്യ പണിക്കരുകണ്ടി | 9000 | 284 |
| 19 | ഫാത്തിമ തിയ്യക്കണ്ടി | 9000 | 284 |
| 20 | മാധവി പനങ്ങാട്ട് കല്ലാട്ട് താഴെ | 9000 | 284 |
| 21 | രാധ പിലാത്തോട്ടത്തിൽ | 9000 | 284 |
| 22 | ഷാഹിന കുന്നത്ത് | 9000 | 284 |
| 23 | ഉമ്മാച്ചുമ്മ | 9000 | 284 |
| 24 | അമ്മിണി പുതിയപറമ്പിൽ | 9000 | 284 |
| 25 | പാഞ്ചാലി തെക്കേ വളപ്പിൽ | 9000 | 284 |
| 26 | ഹഫ്സത്ത് | 9000 | 284 |

ഇൻഷ്വർ ചെയ്ത തുകയേക്കാൾ കൂടുതൽ തുക ഗുണഭോക്താക്കൾക്ക് നൽകിയതിന് വിശദീകര ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (11/15-16 dtd. 28.11.2016)നൽകിയ മറുപടിയിൽ 3 രൂപയിൽ അധികം വരുന്ന തുകയ്ക്ക് ഇൻഷ്വർ ചെയ്യുമ്പോൾ പ്രീമിയം വർദ്ധിക്കും എന്നതിനാലും, ഫോ ഉൾപ്പെടെയുള്ളവയ്ക്ക് ചെലവ് വർദ്ധിക്കുന്നതിനാലും ഗുണഭോക്താക്കളുടെ അഭ്യർത്ഥന മാനിച്ച് ഈ തു ഇൻഷ്വർ ചെയ്തതാണെന്നാണ് അറിയിച്ചത്. ഇത്തരം അപാകതകൾ വരാതെ നോക്കേണ്ടതും, ഗുണഭോക്താക്കളുടെ കൈവശം ഉള്ള ആടുകളുടെ അവസ്ഥ വിശദമായി അറിയിക്കേണ്ടതുമാണ്.

## 3-15 മുൻകൂർ യഥാസമയം ക്രമീകരിക്കുന്നില്ല.

അഡ്വാൻസ് രജിസ്റ്റർ പ്രകാരം 2015-16 വർഷം മാർച്ച് 31 വരെ, മുൻവർഷങ്ങളിൽ നൽകിയ മുൻകൂറുകളിൽ ചിലത് ഇതുവരെ ക്രമീകരിക്കാത്തതായി കാണുന്നു. വിശദാംശം ചുവടെ.

| ക്രമ നം | പേര് | തസ്തിക | ഇനം | തുക | തിയ്യത് |
|---|---|---|---|---|---|
| 1 | ശ്രീ ഒ പി രാധാകൃഷ്ണൻ | അക്കൗണ്ടന്റ് | യാത്രാബത്ത | 1000 | 11.4.12 |
| 2 | ശ്രീ ഉണ്ണി വാരിയത്ത് | | ടി | 1000 | 12.4.12 |
| 3 | MG NREGA | | ഫോൺചാർജ് | 1600 | 22.5.12 |
| 4 | ശ്രീ കെ അജിത്കുമാർ | മെമ്പർ | യാത്രാബത്ത | 1000 | 22.5.12 |
| 5 | ശ്രീ പി കെ സുനീർ | മെമ്പർ | യാത്രാബത്ത | 1000 | 22.5.12 |
| 6 | ശ്രീ ഒ പി രാധാകൃഷ്ണൻ | അക്കൗണ്ടന്റ് | യാത്രാബത്ത | 1000 | 6.6.12 |
| 7 | MG NREGA | | വൃക്ഷത്തൈ | 8000 | 11.6.12 |
| 8 | ശ്രീ പി എം വിജയൻ | സെക്രട്ടറി | യാത്രാബത്ത | 1000 | 18.6.12 |
| 9 | MG NREGA | | ഫോൺചാർജ് | 1643 | 22.6.12 |
| 10 | ICDS | | പദ്ധതി | 114110 | 10.7.12 |
| 11 | ഓണം അഡ്വാൻസ് | | | 300 | 27.8.12 |
| 12 | ശ്രീ പി എം വിജയൻ | സെക്രട്ടറി | യാത്രാബത്ത | 1000 | 29.7.12 |
| 13 | ശ്രീ കെ സി രാമചന്ദ്രൻ | സെക്രട്ടറി | യാത്രാബത്ത | 1000 | 29.10.13 |
| 14 | ശ്രീ സി പി സതീശൻ | അ.സെക്രട്ടറി | യാത്രാബത്ത | 1000 | 7.11.13 |

| | | | | | |
|---|---|---|---|---|---|
| 15 | ശ്രീ കെ സി രാമചന്ദ്രൻ | സെക്രട്ടറി | യാത്രാബത്ത | 1000 | 7.1.14 |
| 16 | ശ്രീ കെ സി രാമചന്ദ്രൻ | സെക്രട്ടറി | യാത്രാബത്ത | 1000 | 11.2.14 |
| 17 | ശ്രീ കെ സി രാമചന്ദ്രൻ | സെക്രട്ടറി | യാത്രാബത്ത | 1000 | 10.3.14 |
| 18 | ശ്രീ സി പി സതീശൻ | അ.സെക്രട്ടറി | യാത്രാബത്ത | 1000 | 6.6.14 |
| 19 | MG NREGA | | ഫോൺചാർജ്ജ് | 1819 | 11.8.14 |
| 20 | പദ്ധതി- മുൻകൂർ | | | 7200 | 9.6.15 |
| 21 | പദ്ധതി- മുൻകൂർ | | | 1440 | 9.6.15 |
| 22 | പദ്ധതി- മുൻകൂർ | | | 1190 | 9.6.15 |
| 23 | കെ കെ വിനോദ്കുമാർ<br>കെ കെ പത്മനാഭൻ | | യാത്രാബത്ത | 1500 | 23.6.15 |
| | ആകെ | | | 151,802 | |

1,51,802 രൂപ ഇത്രയും കാലമായി ക്രമീകരിക്കാത്തത് ക്രമീകരിച്ച് വിശദവിവരം അറിയിക്കേണ്ടതാണ്.

## 3-16 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം-വേതനം യഥാസമയം കൊടുത്തില്ല.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം അനുസരിച്ച് തൊഴിലാളികൾ കൂലി ആഴ്ചയിലൊരിക്കലോ ദിവസം കൂടുമ്പോഴോ തൊഴിലാളികളുടെ അക്കൗണ്ടിലൂടെ മാറിനൽകേണ്ടതാണ്. എന്നാൽ 2015 വർഷത്തിൽ ചില പ്രവൃത്തികൾ നടത്തിയതിൽ ഈ നിബന്ധന പാലിച്ചില്ല. ചില ഉദാഹരണങ്ങൾ ത ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കൂലി | പ്രവൃത്തി നടന്ന ദിവസം | കൂലി അക്കൗണ്ടിൽ നൽകിയ ദിവസം | കുറിപ്പുകൾ |
|---|---|---|---|---|---|
| 1 | മണ്ണ്ജല സംരക്ഷണ പ്രവൃത്തി (156/ 15-16) | 200902 | 14.10.2015-10.11.2015 | 25.1.2016 | ബിൽ തയ്യാറാക്കി ബാങ്കിലേക്ക് സമർപ്പിച്ച തിയ്യതി 25.11.2015 |
| 2 | മണ്ണ്ജല സംരക്ഷണ പ്രവൃത്തി (165/ 15-16) | 244164 | 9.10.2015-31.10.2015 | 29.1.2016 | ബിൽ തയ്യാറാക്കി ബാങ്കിലേക്ക് സമർപ്പിച്ച തിയ്യതി 13.11.2015 |
| 3 | മണ്ണ്ജല സംരക്ഷണ പ്രവൃത്തി (370/ 15-16) | 89420 | 22.1.2016-11.2.16 | 19.4.2016 | ബിൽ തയ്യാറാക്കി ബാങ്കിലേക്ക് സമർപ്പിച്ച തിയ്യതി 18.2.2016 |

മുകളിൽ പറഞ്ഞ ഒന്നാമത്തെ പ്രവൃത്തി പൂർത്തിയാക്കി 2മാസത്തിനു ശേഷമാണ് കൂലി നൽകുന്ന അതുപോലെ, രണ്ടാമത്തെ പ്രവൃത്തി പൂർത്തിയാക്കി 76ദിവസം കഴിഞ്ഞാണ് കൂലി നൽകിയ മൂന്നാമത്തെ പ്രവൃത്തി കഴിഞ്ഞ് 60 ദിവസത്തിനു ശേഷമാണ് കൂലി നൽകിയത്. നിയമത്ത് വ്യവസ്ഥകൾ പാലിച്ച് വേതനം വിതരണം യഥാസമയം നടത്തേണ്ടതാണ്.

### 3-17 മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ-

പ്രൊജക്റ്റ് - മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ

പ്രൊജക്റ്റ് നം - 16/16

അടങ്കൽ - 70,000 രൂപ (സംരക്ഷണ ഗ്രാന്റ്- റോഡിതരം- 70,000 രൂപ )

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

ചെലവ് - 70000 രൂപ (ബിൽ നം. J 1/15-16 dtd. 28.1.2016)

മൃഗാശുപത്രിക്ക് മരുന്ന് വാങ്ങാനായി 70,000 രൂപ മേൽ ബിൽ പ്രകാരം ചെലവഴിച്ചിട്ടുണ്ട്. 10.1.2016 ആണ് മരുന്ന് ലഭിച്ചത്. സ്റ്റോക്ക് ബുക്ക് പരിശോധിച്ചതിൽ നിന്നും, ഈ മരുന്നുകൾ തുടർന്ന് വര ഏപ്രിൽ, മെയ് മാസങ്ങളോട് കൂടി പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.

തുടർന്ന് ഉള്ള മാസങ്ങളിലെ മരുന്നുകളുടെ ആവശ്യകതയും അതിന്റെ ലഭ്യതയും സംബന്ധിച്ച വിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിൽ (14/16) ജില്ലാ വെറ്ററിനറി സ്റ്റോറിൽ നി മരുന്ന് ലഭിക്കാറുണ്ട് എന്ന് അറിയിച്ചു. മരുന്ന് മുടങ്ങാതെ വിതരണം ചെയ്യേണ്ടതാണ്.

### 3-18 ഐ കെ എം സോഫ്റ്റ്‌വെയറുകളുടെ പ്രവർത്തനം സംബന്ധിച്ച്

പ്രൊജക്റ്റ് - ഐ കെ എം ന് അടവാക്കേണ്ട വിഹിതം

പ്രൊജക്റ്റ് നം - 203/16

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 70,515 രൂപ (വികസനഫണ്ട് )

ചെലവ് - 70,515 രൂപ (ഡി ഡി നം. 078699തി. 6.4..2016)

(വൗച്ചർ നം. 21501255/31.03.2016)

സ. ഉ (സാധാ) 1228/2016 തസ്വഭവ. തി. 8.3.2016 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പ്ലാൻ ഫണ്ട് വിഹിതത്തിന്റെ 0.25% ഐ കെ എം ന് അവരുടെ വിഹിതമായി അടവാക്കേണ്ടതാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് മേൽ ബിൽ പ്രകാരം തുക ഐ കെ എം ന് നൽകിയിട്ടുണ്ട്.

സർക്കാരിന്റെ 29.05.2009 ലെ ജി ഒ (ആർ ടി) നം 1265/09/ LSGD ഉത്തരവ് അനുസരിച്ച് ഓരോ ഗ്ര പഞ്ചായത്തും വർഷത്തിൽ 20,000 രൂപ വീതം അടവാക്കണം. ഇതു പ്രകാരം എല്ലാ വർഷവും ഐ കെ ന് പണം നൽകിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ച സോഫ്റ്റ് വെയറുകളുടെ നിലവിലുള്ള അവസ്ഥ താഴെ കൊടുക്കുന്നു.

| ക്രമ നം | സോഫ്റ്റ് വെയർ ഇനം | ഇപ്പോഴത്തെ പ്രവർത്തനം |
|---|---|---|
| 1 | സേവന സിവിൽ രജിസ്ട്രേഷൻ | പ്രവർത്തിക്കുന്നു |
| 2 | സേവന പെൻഷൻ | പ്രവർത്തിക്കുന്നു |
| 3 | സാംഖ്യ | പൂർണ്ണ തോതിൽ പ്രവർത്തിക്കുന്നില്ല |
| 4 | സൂചിക-ഫ്രണ്ട് ഓഫീസ് | പൂർണ്ണ തോതിൽ പ്രവർത്തിക്കുന്നില്ല |
| 5 | സുലേഖ- പ്ലാൻ | പ്രവർത്തിക്കുന്നു. |
| 6 | സചിത്ര- ആസ്തി | സാംഖ്യയുമായി ബന്ധപ്പെടുത്തിയിട്ടില്ല |
| 7 | സ്ഥാപന- ശമ്പളം | പ്രവർത്തിക്കുന്നു. |
| 8 | സഞ്ചയ- വസ്തുനികുതി | സാംഖ്യയുമായി ബന്ധപ്പെടുത്തിയിട്ടുണ്ടെങ്കിലും നികുതി അടവ് ഓൺലൈൻ അടക്കാൻ കഴിയില്ല. |

മുകളിൽ പറഞ്ഞ സോഫ്റ്റ്വെയറുകൾ അതിന്റെ പരിപൂർണ്ണമായ അവസ്ഥയിൽ പ്രവർത്തിക്കുന്നില്ല. അ പോലെ, ഗ്രാമപഞ്ചായത്തിന്റെ വെബ്സൈറ്റ് വിവരങ്ങൾ ഒന്നും കാലികമല്ല. വെബ്സൈറ്റിൽ വിവര ലഭിക്കാതിരിക്കുകയോ ലഭിക്കുന്ന വിവരങ്ങൾ കാലികമായതോ അല്ല.

സാംഖ്യ സോഫ്റ്റ് വെയറിൽ ഉള്ള അപാകതകൾ കാരണം പദ്ധതിചെലവിൽ ചിലപ്പോൾ വ്യത്യാ വരുന്നുണ്ട്. സുലേഖയുമായി ഓട്ടോമറ്റിക് ആയല്ല സാംഖ്യ പ്രവർത്തിക്കുന്നത്. സാംഖ്യയിൽ നിർവ്വഹ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പ്രവൃത്തിയിൽ നിന്നും ഈടാക്കുന്ന വാറ്റ്, നിർമ്മാണ തൊഴിലാളി ക്ഷേമ എന്നിവ അക്കൗണ്ടിൽ ഉൾപ്പെടുന്നില്ല.

സഞ്ചയയിൽ വസ്തു നികുതി ഓൺലൈൻ ആയി നികുതി അടവാക്കുന്നതിൽ പ്രായോഗിക ബുദ്ധ അനുഭവപ്പെടുന്നു. കൂടാതെ പോസ്റ്റിംഗ് നടത്തിയ കെട്ടിടങ്ങൾക്ക് വീണ്ടും ഡിമാന്റ് ചെയ്യാനുള കാണിക്കുന്നു.

ഐ കെ എം ആവശ്യപ്പെടുന്ന പണം നൽകിയിട്ടും സോഫ്റ്റ് വെയറുകൾ പൂർണ്ണ തോ ജനങ്ങൾക്കും, പഞ്ചായത്തിനും ഉപകാരപ്രദമാകുന്നില്ല. ഇക്കാര്യം ബന്ധപ്പെട്ട അധികാരിക ശ്രദ്ധയിൽപെടുത്തുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

4-2 ഡപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല . ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെ വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇ.എം.എസ്.ഭവന പദ്ധതി | 2010-11 | 533/18.2.10 | | 7130880 | 2000000 | 0 | 5130880 |

4-5. സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| മുന്നിരിപ്പ് | 2729512 |
| തൻവർഷം പലിശ | 250318 |
| അവസാന ബാക്കി | 2979830 |

4-6. ഓഡിറ്റ് റിക്കവറി

ഇല്ല.

4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 3-2 | 2001-02 | 3.11.7 | വയലട പ്രാഥമികാരോഗ്യ കേന്ദ്രം- വ്യാജ സാക്ഷ്യപത്രം വഴി പാഴ്ച്ചെലവ് 2 ലക്ഷം രൂപ | |
| 2001-02 | 3-4 | 2003-04 | 3.11.13(7) | നളന്ദ ഹെറിറ്റേജ് മ്യൂസിയം – സ്വകാ ര്യ ഭൂമിയിൽ പദ്ധതി പണം ഉപയോ ച്ച് കെട്ടിട നിർമ്മാണം. | |
| 2003-04 | 3-2 | 2006-07 | 3.79.12 | കാർഷികോപകരണങ്ങൾ വിതരണ ത്തിലെയും പരിപാലനത്തിലെയും അപാകതകൾ | |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| വർഷം | 2015-16 |
| മുന്നിരിപ്പ് | 46,35,2421 |
| ഓഡിറ്റ് വർഷത്തെ വരവ് | 50,429313 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 96781734 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 69909535 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 83468 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4536495 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 53650 | ശ്രീമതി ദീപ്തി ഇ കെ അസിസ്റ്റന്റ് എൻജിനീയർ |
| 3-3 | | 29818 | ശ്രീ കെ അബ്ദുൾ ഷുക്കൂർ-ഹെഡ് മാസ്റ്റർ |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 123884 | ശ്രീമതി.ദീപ്തി ഇ.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | 1775000 | ശ്രീ. ജിജിമോൻ എം ടി അസിസ്റ്റന്റ് സെക്രട്ടറി |
| | | |

| | | |
|---|---|---|
| 3-6 | 1125000 | ശ്രീ. ജിജിമോൻ എം ടി<br>അസിസ്റ്റന്റ് സെക്രട്ടറി |
| 3-7 | 426495 | ശ്രീ. എ .ജെ ജോയി, വെറ്ററിനറി സർജൻ |
| 3-8 | 400000 | ശ്രീ. കെ. അബ്ദുൾ ഷുക്കൂർ<br>ഹെഡ് മാസ്റ്റർ |
| 3-9 | 350000 | ശ്രീ. എ .ജെ ജോയി, വെറ്ററിനറി സർജൻ |
| 3-10 | 460000 | ശ്രീ. കെ. അബ്ദുറഹീം<br>സെക്രട്ടറി |
| ആകെ | 4660319 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന പരാമർശത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ദീപ്തി ഇ കെ<br>അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ പനങ്ങാട് ഗ്രാമപഞ്ചായത്ത് | രമണിക,<br>വിരുത്തിശ്ശേരി വയൽ,<br>പുതിയങ്ങാടി,കോഴിക്കോട് |
| ശ്രീ കെ അബ്ദുൾ ഷുക്കൂർ-<br>ഹെഡ് മാസ്റ്റർ | റിട്ടയേർഡ് | ചീരിയോട് പൊയിൽ,<br>എകരൂൽ.പി.ഒ, 673574 |
| | | |

| | | |
|---|---|---|
| ശ്രീ. ജിജിമോൻ എം ടി<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി<br>പനങ്ങാട് ഗ്രാമപഞ്ചായത്ത് | മൂപ്പശ്ശേരി- വീട്, അംബിക മാർക്കറ്റ്<br>ഒ, വൈക്കം- 686144 |
| ശ്രീ. എ .ജെ .ജോയി,<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ,<br>ഒഞ്ചിയം ഗ്രാമപഞ്ചായത്ത് | ആനന്ദ്, കൈലാസ് നഗർ, ഈസ്റ്റ്<br>ഹിൽ, കോഴിക്കോട് |
| ശ്രീ .കെ. അബ്ദുറഹീം-<br>സെക്രട്ടറി | സെക്രട്ടറി<br>പനങ്ങാട് ഗ്രാമപഞ്ചായത്ത് | മസ്കാൻ- ഹൗസ്, പുന്നശ്ശേരി-പി ഒ,<br>673585 |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.കെ.കെ.ഡി /പി.10 /349 /11<br>തീയതി 02.06.11 | 12 |
| 1997-98 | എൽ.എഫ്.കെ.കെ.ഡി /എസ്.2/107/98<br>തീയതി 20.09.00 | 22 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി /പി.8 /926 /03<br>തീയതി 31.11.03 | 17 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി /പി.10 /349 /11<br>തീയതി 02.06.11 | 02 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി /പി.10 /349 /11<br>തീയതി 02.06.11 | 02 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി /പി.10 /349 /11<br>തീയതി 02.06.11 | 05 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി /പി.3 /1104 /09(4)<br>തീയതി 06.10.09 | 14 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി /പി.3 /140 /09)<br>തീയതി 06.10.09 | 15 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി /പി.10 /353 /11<br>തീയതി 30.03.11 | 17 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി /പി.10 /460 /11<br>തീയതി 27.04.11 | 34 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി /പി.10 /608 /12(1)<br>തീയതി 25.04.12 | 34 |

| | | |
|---|---|---|
| 2008-09 | എൽ.എഫ്.കെ.കെ.ഡി /പി.10 /1403 /12<br>തീയതി 30.07.12 | 27 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി /പി.10 /1166/14<br>തീയതി 14.08.14 | 40 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി /പി.10 /132/13<br>തീയതി 13.12.14 | 21 |
| 2011-12 &<br>2012-13 | എൽ.എഫ്.കെ.കെ.ഡി /പി.10 /1038/14<br>തീയതി 04.07.14 | 16 |
| 2013-14<br>2014-15 | കെഎസ്എ കെകെ ഡി/പി/10/2186/15<br>തീയതി18.02.16 | 21 |

**ഡെപ്യൂട്ടി ഡയ**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്ക**

1

അനുബന്ധം

കെ.എസ്.എ കെ.കെ.ഡി-പി10/2175/2016 കേരള സംസ്ഥാന ഓഡിറ്റ

വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോ

E-mail: dokkd.ksad@kerala.go

ഫോൺ: 0495-237

തീയതി. 29-12-2

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൻെറ നാലാം വകുപ്പ്, 1994 ലെ കേ പഞ്ചായത്ത് രാജ് നിയമത്തിൻെറ 215 ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡു അവലംബിച്ചും കോഴിക്കോട് ജില്ലയിലെ **പനങ്ങാട്** ഗ്രാമപഞ്ചായത്തിൻെറ **2015-16** വർഷത്തെ വാർഷ ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്ത **പനങ്ങാട്** ഗ്രാമപഞ്ചായത്തിന്റെ **2015-16** ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കു ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയ**

**കേരള സംസ്ഥാന ഓഡിറ്റ് വ**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്േ**

KSA.KKD-P 10/2175/2016

Kerala State Audit Department

District Audit Office, Kozhik

Phone: 0495-237

E-mail:dokkd.ksad@kerala.gc

Date: 29-12-2

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of **Panangad** Grama Panchaya Kozhikode District for the year ended on 31.03.2016 in accordance with section '4' of the Kerala L Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under the guidelines issued by the Comptroller and Auditor General of India for the purpose of audi accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Panangad** Grama Panchayat for the year **2015-16** ex the observations in my audit report properly presents the picture of income and expenditure .

**DEPUTY DIREC**

**Kerala State Audit Departm**

**District Audit Office, Kozhik**